(സി) ഇതിനായി ആധാർ കാർഡുകളുമായി ക്ഷേമനിധി അംഗങ്ങളെ ബന്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ക്ഷേമനിധി ബോർഡുകളുടെ ഡിജിറ്റൈസേഷന്റെ ഭാഗമായി അംഗങ്ങളായ തൊഴിലാളികളുടെ പേര് വിവരങ്ങൾ അഡ്വാൻസ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റത്തിൽ ഉൾപ്പെടുത്തിയതിലൂടെ ഒന്നിലധികം ക്ഷേമനിധിയിൽ അംഗത്വമുള്ളവരെ കണ്ടെത്താൻ കഴിയുന്ന സംവിധാനം നിലവിലുണ്ട്.

(ബി) ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളുടെ ഡിജിറ്റൈസേഷൻ നടപടിയിൽ യു.ഐ.ഡി., ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ ഉൾപ്പെടുത്തിയതിലൂടെ ഡ്യൂപ്ലിക്കേഷനാണെന്ന് കണ്ടെത്തിയ അംഗത്വം റദ്ദ് ചെയ്യാൻ സാധിച്ചിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

(ഡി) ക്ഷേമനിധി ബോർഡുകളിലെ വ്യാജ അംഗത്വം തടയുകയെന്ന ലക്ഷ്യത്തോടെ, ഡിജിറ്റൈസേഷന്റെ ഭാഗമായി അംഗങ്ങളുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങളും മറ്റ് വിവരങ്ങളും കമ്പ്യൂട്ടറിൽ അപ്‌ലോഡ് ചെയ്യുന്നതിനോടൊപ്പം അവരുടെ ആധാർ നമ്പർ കൂടി ഉൾപ്പെടുത്തുന്നതിന് അക്ഷയകേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകുകയും അപ്രകാരം ആധാർ നമ്പർ കൂടി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

വിവിധ ക്ഷേമനിധി ബോർഡുകളുടെ സംയോജനം

185 (6890) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പാലോട് രവി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഒന്നിലധികം ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായവരുടെ അംഗത്വം റദ്ദാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സമാന സ്വഭാവത്തിലുള്ള ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമപദ്ധതികളിൽ സമാന സ്വഭാവമുള്ളതും താരതമ്യേന അംഗങ്ങൾ കുറവുള്ളതുമായ ക്ഷേമ പദ്ധതികൾ കൂട്ടിച്ചേർത്ത് കേരള അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി ബോർഡിന്റെ കീഴിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വിവിധ ക്ഷേമ പദ്ധതികളെ ഒരു ബോർഡിന്റെ കീഴിൽ കൊണ്ടു വരുന്നതുവഴി ഭരണച്ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിയും. കൂടാതെ എല്ലാ പദ്ധതികൾക്കുംകൂടി ഏകീകൃതമായ പദ്ധതിയും, ചട്ടങ്ങളും നടപ്പിലാക്കാൻ സാധിക്കും.

(സി) ഒന്നിലധികം ബോർഡുകളിൽ അംഗങ്ങളായവരുടെ വിവരങ്ങൾ കണ്ടെത്തുന്നതിന് അഡ്വാൻസ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം എന്ന സോഫ്റ്റ്വെയർ തയ്യാറാക്കി അംഗങ്ങളുടെ പേരുവിവരം ഡിജിറ്റൈസ് ചെയ്യുന്ന നടപടി തുടർന്നുവരുന്നു.

(ഡി) ഇതിനായി ക്ഷേമനിധി അംഗങ്ങളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് ബാങ്ക് അക്കൗണ്ട് നമ്പരുമായി ബന്ധപ്പെടുത്തി രജിസ്ട്രേഷൻ നൽകുന്ന നടപടി അക്ഷയ സെന്ററുവഴി നടന്നുവരുന്നു.

നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട്-അനുമതിയില്ലാതെ തുക വകമാറ്റൽ

186 (6891) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫണ്ടിൽ നിന്നും ബോർഡിന്റെ അനുമതിയില്ലാതെ പണം ട്രഷറിയിലേക്ക് മാറ്റിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

നിർമ്മാണ തൊഴിലാളികളുടെ ക്ഷേമനിധി പെൻഷൻ

187 (6892) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണതൊഴിലാളിക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യുന്നതിന് ആധാർ കാർഡും അക്ഷയ രജിസ്ട്രേഷനും ബാങ്ക് അക്കൗണ്ടും നിർബന്ധ

LIBRARY ARCHIVES Kerala Legislative Assembly